**പതിമൂന്നാം കേരള നിയമസഭ**
**ഒമ്പതാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1471 14/06/2013-ൽ മറുപടിയ്ക്ക്

**' നിറവ്/ഗോവർദ്ധിനി' പദ്ധതികൾ**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. തോമസ് ചാണ്ടി | **കെ.പി.മോഹനൻ**<br>(ബഹു. കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി) |
| എ) 'നിറവ്/ഗോവർദ്ധിനി' പദ്ധതികൾ കുട്ടനാട്ടിൽ നടപ്പിലാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; എങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ? | എ) നിറവ് സമഗ്ര കാർഷിക വികസന പദ്ധതി സംസ്ഥാന കൃഷി വകുപ്പ് മുഖേന നിലവിൽ 10 ജില്ലകളിലെ 12 നിയോജക മണ്ഡലങ്ങളിലാണ് നടപ്പാക്കി വരുന്നത്. ഇതിൽ കുട്ടനാടൻ പ്രദേശങ്ങൾ ഉൾപ്പെടുന്ന ആലപ്പുഴ ജില്ലയിലെ ചെങ്ങന്നൂർ നിയോജകമണ്ഡലവും ഉൾപ്പെടുന്നു.<br>മൃഗ സംരക്ഷണ വകുപ്പ് 2013-14, 2014-15 സാമ്പത്തിക വർഷങ്ങളിൽ നടപ്പിലാക്കുവാനുദ്ദേശിക്കുന്ന പദ്ധതിയാണ് ഗോവർദ്ധിനി. പ്രസ്തുത പദ്ധതിയിൽ 4-6 മാസം പ്രായമുള്ള 1 ലക്ഷം കന്നുകുട്ടികളെ 2 വർഷക്കാലം കൊണ്ട് പദ്ധതിയിൽ ചേർത്ത് അവയ്ക്ക് 28 മാസം പ്രായമാകുന്നതുവരെ സൗജന്യ നിരക്കിൽ കാലീത്തീറ്റ നൽകുന്നതിനും, ആരോഗ്യ പരിരക്ഷണം ഉറപ്പാക്കുന്നതിനുമാണ് പദ്ധതി വിഭാവനം ചെയ്യുന്നത്. പദ്ധതി അടങ്കൽ തുക 298.95 കോടി രൂപയാണ്. ടി പദ്ധതിയുടെ പ്രോജക്ട് പ്രൊപ്പോസൽ അംഗീകാരത്തിനായി കേന്ദ്ര സർക്കാരിലേക്ക് സമർപ്പിച്ചിരിക്കുകയാണ്. ഗോവർദ്ധിനി പദ്ധതി കേരളത്തിലെ എല്ലാ പഞ്ചായത്തുകളിലും നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്. |

**സെക്ഷൻ ഓഫീസർ**